**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*421** **16.05.2017 ൽ മറുപടിയ്ക്ക്**

## നാളികേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.എം. നൗഷാദ് | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നാളികേര കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | എ) ഉണ്ട്.<br>സംസ്ഥാനത്ത് തെങ്ങുകളിൽ 15 മുതൽ 22% വരെ കാറ്റുവീഴ്ച മൂലവും രോഗ-കീടബാധ മൂലവും ഉല്പാദനക്ഷമത കുറയുന്നതായി കണ്ടെത്തിയിട്ടുണ്ട്. തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലി ചെലവും ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിൽ നിന്നും കർഷകരെ പിൻതിരിപ്പിക്കുന്നു. തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം ക്രമമായ വിളവെടുപ്പിന് തടസ്സം സൃഷ്ടിക്കുന്നു. വിപണനത്തിനുള്ള പ്രയാസങ്ങളും വിലസ്ഥിരത ഇല്ലായ്മയും കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്. |
| ബി) ഉല്പാദനചെലവു കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | ബി) സമഗ്ര നാളികേരകൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ രൂപീകരിച്ച് പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് കൃഷി ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഈ പദ്ധതിയിലൂടെ |

| | |
|---|---|
| | ലക്ഷ്യമിടുന്നു. കൂടാതെ അത്യുൽപാദന ശേഷിയുള്ള കുറിയഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.<br>കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ച് നാളികേര വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>ഈ സാമ്പത്തിക വർഷം നാളികേര കൃഷി വികസനത്തിനായി 4500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| സി) തെങ്ങുകയറ്റ തൊഴിലാളികളുടെ ലേബർ ബാങ്ക് രൂപീകരിച്ച് യഥാസമയം തൊഴിലാളികളുടെ സേവനം ലഭ്യമാക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | സി) ഉണ്ട്.<br>കാർഷിക മേഖലയിൽ തെങ്ങുകയറ്റം ഉൾപ്പെടെ ഉള്ള എല്ലാ കൃഷിപ്പണികൾക്കും വിദഗ്ധ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുക, യന്ത്രവൽക്കരണത്തിലൂടെ കൃഷി പണികൾ യഥാസമയം നടത്തുക, കൃഷി ചെലവുകൾ ഗണ്യമായി കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടെ കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്ററുകൾ എന്നീ നാമധേയത്തിൽ സേവനദാതാക്കളുടെ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഈ സംഘങ്ങളുടെ സേവനം തൊഴിലാളി ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമായിട്ടുണ്ട്. എന്നാൽ ഇത് കൂടുതൽ ഫലപ്രദമാക്കുന്നനതിനായി ഇത്തരം സംരംഭങ്ങൾ വിപുലീകരിക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സംസ്ഥാനതല സമിതി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| ഡി) ഈ രംഗത്ത് യന്ത്രവൽക്കരണം സാധ്യമാക്കുന്നതിനാവശ്യമായ ഗവേഷണ പദ്ധതികൾക്കായി എഞ്ചിനീയറിംഗ് കോളേജുകളുൾപ്പെടെയുള്ള സാങ്കേതികശാസ്ത്ര സ്ഥാപനങ്ങളുടെ പ്രവർത്തനം പ്രയോജനപ്പെടുത്താൻ നടപടിയെടുക്കുമോ? | നാളികേര കൃഷി രംഗത്ത് സാധ്യമായ മേഖലകളിലെല്ലാം യന്ത്രവൽക്കരണം നടപ്പിലാക്കുവാൻ സർക്കാർ തലത്തിൽ ശ്രമങ്ങൾ നടക്കുന്നുണ്ട്. തവനൂർ കാർഷിക എഞ്ചിനീയറിംഗ് കോളേജിന്റെ ഗവേഷകർ നാളീകേരം പൊതിക്കുന്നതിനുള്ള ചെറിയ യന്ത്രം, വ്യവസായികാടിസ്ഥാനത്തിൽ തേങ്ങ പൊതിക്കാനുള്ള വലിയ യന്ത്രം, കൊപ്ര അടർത്താനുള്ള യന്ത്രം എന്നിവ |

വികസിപ്പിച്ചെടുത്തിട്ടുണ്ട്. തെങ്ങുകയറ്റത്തിനുള്ള ലഘുയന്ത്രങ്ങൾ ഇന്ന് ലഭ്യമാണ്. യന്ത്രവൽക്കരണം, മൂല്യവർദ്ധനവ് എന്നീ മേഖലകളിലെ ഗവേഷണ പദ്ധതികൾക്കായി എഞ്ചിനീയറിംഗ് കോളേജുകളുടേയും, കേന്ദ്ര ഗവേഷണ സ്ഥാപനങ്ങളുടേയും പ്രവർത്തനം സർക്കാർ പരമാവധി പ്രയോജനപ്പെടുത്തി വരുന്നു.

S. [signature]

**സെക്ഷൻ ഓഫീസർ**

# വിശദീകരണക്കുറിപ്പ്

## കേരഗ്രാമ പദ്ധതി ഘടകങ്ങൾ:-

തടംതുറക്കൽ, കളനിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവവളങ്ങൾ, ജീവാണുവളം, സസ്യസംരക്ഷണ വസ്തുക്കൾ ഇവ നല്കുക, ഇടവിളകൃഷി, രോഗബാധിതമായി ഉൽപാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയതെങ്ങിൻ തൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി ഹെക്ടറിന് 25,000/-രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 62.50 ലക്ഷം രൂപ ധനസഹായം നല്കുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു. കർഷകർക്ക് തെങ്ങ് കയറ്റയന്ത്രങ്ങൾ 2000/- രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 60 എണ്ണം വരെ നല്കുന്നതിന് 1.2 ലക്ഷം രൂപയും, ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 25,000/-രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിലെ 21 ഹെക്ടറിലേക്കായി 5.25 ലക്ഷം രൂപയും, ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് കമ്പോസ്റ്റ് യൂണിറ്റുകൾക്ക് യൂണിറ്റ് ഒന്നിന് 10,000/-രൂപ നിരക്കിൽ ഒരു ഗ്രാമത്തിൽ 8 യൂണിറ്റുകൾക്ക് 0.8 ലക്ഷം രൂപയും, ഒരു ഗ്രാമത്തിൽ ഒരു തെങ്ങിൻതൈ നഴ്സറി സ്ഥാപിക്കുന്നതിന് 50,000/-രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണ ഒരുക്കങ്ങൾക്കും, ബോധവൽക്കരണത്തിനും സംഘടനാ ചെലവുകൾക്കുമായി ഒരു കേരഗ്രാമത്തിന് 10,000/-രൂപയും, പൊതു ആവശ്യങ്ങൾക്കുള്ള പ്രവർത്തനങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഏറ്റെടുത്തു കൂട്ടായ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് പഞ്ചായത്തുതല കേരസമിതിക്കായി 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അങ്ങനെ ഒരു കേരഗ്രാമത്തിലൂടെ സമഗ്രനാളീകേര വികസനത്തിനായി 75.35 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കുവാനാണ് ആസൂത്രണം ചെയ്യുന്നത്.